# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

2020 നവംബർ 01, പുസ്തകം 40, ലക്കം 22

**സിപ്പി പള്ളിപ്പുറം**



പ്രശസ്ത ബാലസാഹിത്യകാരൻ. കേരള സാഹിത്യ അക്കാദമി, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡു കളടക്കം അനേകം പുരസ്കാരങ്ങൾ. അപ്പൂപ്പൻ താടിയുടെ സ്വർഗ്ഗയാത്ര, നൂറ് അക്ഷരപ്പാട്ടുകൾ തുടങ്ങി നൂറ്റി മുപ്പതിൽ പരം കൃതികൾ.

# ശിശുദിനാശംസ



പ്രിയ കൂട്ടുകാരേ

ചെമ്പനീർ പൂക്കളെയും കുഞ്ഞുങ്ങളെയും ഒരുപോലെ സ്നേഹിച്ച ഒരു മഹാൻ ഭാരതത്തിലുണ്ടായിരുന്നു. പ്രിയങ്കരനായ ജവഹർലാൽ നെഹ്റു. കുട്ടികൾ അദ്ദേഹത്തെ ചാച്ചാജി എന്നാണ് വിളിച്ചിരുന്നത്. കുഞ്ഞുങ്ങളോടൊത്ത് കളിക്കുന്നതിലും ചിരിക്കുന്നതിലും മാത്രമല്ല, അവരെ ചിന്തിപ്പിക്കുന്നതിലും ചാച്ചാജി പ്രധാന പങ്കുവഹിച്ചിരുന്നു.

ഒരിക്കൽ ചാച്ചാജി യൂറോപ്പിൽ പര്യടനം നടത്തുകയായിരുന്നു. അതിനിടയിൽ

Editor **T.K. Ubaid** Executive Editor **P.A. Nazimudeen** | Sub Editor **Mehd Maqbool**
Cover **Thamanna Sithara**, Layout & Graphics **Fasal Edavanakad** | Technical Support **Fahis Ali**
e-mail malarvadimag@gmail.com | **www.malarvadi.net**
Editor 0495 2730727 Circulation 0495 2732555 Manager 0495 2730073 | e-mail **managerprabodhanamclt@gmail.com**

അദ്ദേഹം അവിടത്തെ ഒരു വിദ്യാലയത്തിലെത്തി. ആരെല്ലാം ചിരിപ്പിക്കാൻ ശ്രമിച്ചാലും, എത്ര വലിയ തമാശ കേട്ടാലും ചിരി വരാത്ത ഒരു കുട്ടി അവിടെ പഠിക്കുന്നുണ്ടായിരുന്നു. ചാച്ചാജി അവന്റെ ക്ലാസ് മുറിയിൽ എത്തി ധാരാളം തമാശകൾ പറഞ്ഞു. അതുകേട്ട് എല്ലാ കുട്ടികളും കുടുകുടാ ചിരിച്ചു. പക്ഷേ ഗൗരവക്കാരനായ കുട്ടിക്കുമാത്രം ചിരി വന്നില്ല.

ചാച്ചാജി തന്റെ തലയിലിരുന്ന ഖദർ തൊപ്പി കൈയിലെടുത്തു. പിന്നെ പോക്കറ്റിൽ നിന്ന് ഒരു ചീർപ്പ് എടുത്ത് കഷണ്ടിത്തലയിൽ ഒരു പ്രത്യേക സ്റ്റൈലിൽ ചീകാൻ തുടങ്ങി. ഇതുകണ്ട് ക്ലാസിലുള്ള മുഴുവൻ കുട്ടികളും ഒന്നടങ്കം കുലുങ്ങിച്ചിരിച്ചു. അവരുടെ ചിരിയും ചാച്ചാജിയുടെ അഭിനയവും കണ്ട് ചിരിക്കാത്ത കുട്ടിയും ഉറക്കെ പൊട്ടിച്ചിരിച്ചു. ഇതു കണ്ടപ്പോൾ ചാച്ചാ നെഹ്റുവിനുണ്ടായ സന്തോഷം എത്ര വലുതാണെന്ന് പറയേണ്ടതില്ലല്ലോ!

പുഞ്ചിരിക്കുന്ന വദനവുമായി ലോകമെമ്പാടും പാറിനടന്ന ഒരു ശാന്തിപ്രാവായിരുന്നു ചാച്ചാജി. 'എന്റെ പിറന്നാൾ ഞാൻ ഭാരതത്തിലെ കുഞ്ഞുങ്ങൾക്ക് നൽകുന്നു' എന്ന് വിളിച്ചു പറഞ്ഞ ആ കളിത്തോഴനെ നമുക്കെങ്ങനെ മറക്കാനാവും? ഭാരതത്തിന്റെ സ്വാതന്ത്ര്യത്തിനു വേണ്ടി ഗാന്ധിജിയോടൊപ്പം നിന്ന് ചാച്ചാജി ധീരധീരം പോരാടി. വിലങ്ങുകൾ അദ്ദേഹത്തിന് പൂമാലകൾ ആയിരുന്നു; ജയിലറകൾ കളിവീടുകളായിരുന്നു. അടിയും ഇടിയും വെടിയുണ്ടകളും കണ്ട് അദ്ദേഹം പതറിയില്ല. ജാതിയുടെയും മതത്തിന്റെയും പേരിൽ കലഹിക്കാത്ത സമത്വസുന്ദരമായ ഒരു ഭാരതമായിരുന്നു ചാച്ചാജി സ്വപ്നം കണ്ടത്.

സ്വതന്ത്ര ഭാരതത്തിന്റെ ആദ്യത്തെ പ്രധാനമന്ത്രിയാകാനുള്ള സൗഭാഗ്യം കൈവന്നത് ചാച്ചാ നെഹ്റുവിനായിരുന്നു. ആ സ്ഥാനത്തിരുന്നുകൊണ്ട് ലോക ശാന്തിക്കും സമാധാനത്തിനും വേണ്ടി അദ്ദേഹം ജീവിതാന്ത്യം വരെ പരിശ്രമിച്ചു.

ലോകാരാധ്യനായ ചാച്ചാജിയെ രാഷ്ട്രം പരമോന്നത ബഹുമതിയായ ഭാരതരത്നം നൽകി ആദരിക്കുകയുണ്ടായി, അദ്ദേഹത്തിന്റെ ജന്മദിനമാണ് നവംബർ 14. ആ ദിനമാണ് നാം ശിശുദിനമായി കൊണ്ടാടുന്നത്. മൺമറഞ്ഞെങ്കിലും അദ്ദേഹത്തെ ഓർമിച്ചുകൊണ്ട് നമുക്ക് ഉറക്കെ പാടാം:

"ചെമ്പനീർപ്പൂവിന്റെ കൂട്ടുകാരാ
പഞ്ചശീലത്തിന്റെ പാട്ടുകാരാ
മൺമറഞ്ഞെങ്കിലും മാനസത്തിൽ
മായാതെ നിൽക്കുന്നു നിന്റെ രൂപം!"

എല്ലാ കൂട്ടുകാർക്കും ഹൃദയം നിറഞ്ഞ ശിശുദിനാശംസകൾ!

# കടുവയുടെ സാമ്രാജ്യം



കാട്ടുമൃഗങ്ങളുടെ വാസസ്ഥലങ്ങളിൽ പോയി അവയുടെ പലതരം രീതികളെ കുറിച്ച് വനംവകുപ്പ് തന്നെ കണക്കുകളും പഠനങ്ങളും തയ്യാറാക്കാറുണ്ട്. അവയിലൊന്നാണ് കടുവകളുടെ സൈ്വരവിഹാരവുമായി ബന്ധപ്പെട്ടത്. ഒരു പെൺകടുവയുടെ സൈ്വരവിഹാരത്തിന് ഇരുപത് ചതുരശ്ര കിലോമീറ്റർ വനമേഖല വേണമെന്നാണ് കണക്ക്. എന്നാൽ ആൺകടുവക്ക് ഇത് 60 മുതൽ 100 വരെ ചതുരശ്ര കിലോമീറ്റർ വേണമത്രെ!

ഗ്ലോബൽ വില്ലേജ് എന്ന പ്രയോഗത്തിന്റെ ഉപജ്ഞാതാവ് - മാർഷൽ മക്‌ലുഹാൻ